**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 464** **02-02-2023 - ൽ മറുപടിയ്ക്ക്**

**പുത്തൻചന്ത മാർക്കറ്റിന്റെ നവീകരണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി ഫണ്ട് വിനിയോഗിച്ച് തീരദേശ വികസന കോർപ്പറേഷൻ മുഖേന നവീകരിക്കുന്നതിന് ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുള്ള പുത്തൻചന്ത മാർക്കറ്റിന്റെ നവീകരണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള സാങ്കേതിക തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ? | (എ) | 29-06-2018-ലെ സ-.ഉ (സാധാ) നം.535/2018/ മ.ഇ.വ നമ്പർ സർക്കാർ ഉത്തരവ് -പ്രകാരം, പുത്തൻചന്ത മത്സ്യമാർക്കറ്റിന്റെ നവീകരണത്തിനായി പദ്ധതി നിർവ്വഹണ ഏജൻസിയായ (എസ്.പി.വി) തീരദേശ വികസന കോർപ്പറേഷൻ സമർപ്പിച്ച വിശദമായ പദ്ധതി രേഖ കിഫ്ബി പരിശോധിച്ച ശേഷം 09-08-2020-ലെ ഉത്തരവ് പ്രകാരം 2,15,38,539/- രൂപയുടെ ധനാനുമതി നൽകിയിരുന്നു. തുടർന്ന്, 2016-ൽ നിന്നും 2018-ലേക്ക് ഡി.എസ്.ആർ മാറിയതിനെത്തുടർന്ന് 15-03-2022-ൽ 2,14,58,562/- രൂപയായി പുതുക്കിയ ധനാനുമതി നൽകിയിരുന്നു.<br>കിഫ്ബി ധനാനുമതി നൽകിയ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനായി 19-01-2023-ൽ തീരദേശ വികസന കോർപ്പറേഷനുമായി കൂടിയ അവലോകന യോഗത്തിൽ, പുത്തൻചന്ത മത്സ്യമാർക്കറ്റിന്റെ പദ്ധതി നിർവ്വഹണം മന്ദഗതിയിലായിരുന്നതിനാൽ കോൺട്രാക്റ്ററുടെ റിസ്ക് ആന്റ് കോസ്റ്റിൽ കോൺട്രാക്റ്റ് ടെർമിനേറ്റ് ചെയ്യുകയുണ്ടായി എന്നും തുടർന്നുള്ള പദ്ധതിയുടെ നടപ്പാക്കലിനായി റീ-ടെന്റർ നടപടികൾ സ്വീകരിച്ച് പൂർത്തീകരിച്ചിട്ടുണ്ടെന്നും എസ്.പി.വി അറിയിച്ചിട്ടുണ്ട്.<br>ഈ സാഹചര്യത്തിൽ, വർക്ക് അവാർഡ് ചെയ്ത് പദ്ധതി ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ എസ്.പി.വി-ക്ക് തന്നെ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ